പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6704 04/04/2018-ൽ മറുപടിക്ക്

എയ്ഡഡ് അദ്ധ്യാപക നിയമന അംഗീകാരവും തസ്തിക നഷ്ടപ്പെട്ടവരുടെ പുനർ വിന്യാസവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2011-12, 2014-15 അധ്യയന വർഷത്തിനിടയിൽ അധിക തസ്തികയിൽ നിയമിച്ച് നിയമന അംഗീകാരം ലഭിച്ച എയ്ഡഡ് അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) വിവരം ശേഖരിച്ച് വരുന്നു. |
| (ബി) 2015-2016 അധ്യയന വർഷത്തിൽ നടത്തിയ തസ്തിക നിർണയത്തിൽ കുട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെട്ട് പുനർവിന്യാസം ലഭിക്കാത്ത എയ്ഡഡ് അദ്ധ്യാപകരുടെ എണ്ണം എത്ര; സംരക്ഷണ ആനുകൂല്യത്തിലൂടെ പുനർവിന്യാസം ലഭിച്ച എയ്ഡഡ് അദ്ധ്യാപകരുടെ എണ്ണം എത്ര; വിശദമാക്കാമോ?. | (ബി) 2015-16-ൽ തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപരുടെ എണ്ണം 3737 ആണ്. ഇവരെ മുഴുവൻ സ്ഥിരമായോ താൽക്കാലികമായോ പുനർവിന്യസിച്ചിട്ടുണ്ട്. 2011-12 മുതൽ അധിക തസ്തികകളിൽ നിയമിതരായവർക്ക് 2012-13 മുതൽ തസ്തിക നഷ്ടമായാൽ അവർ സംരക്ഷണത്തിന് അർഹരല്ലാത്തതിനാൽ അങ്ങനെയുള്ളവരെ പുനർവിന്യസിച്ചിട്ടില്ല. അവരുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ